

## MADAN MOHAN
1983(ELE)

# CET കാണ്ഡം (ഭാഗം-2)

വട്ടച്ചിലവിനായി കൊട്ടാരത്തിൽ നിന്നും തന്നിരുന്ന 250 രൂപ മെഡിക്കൽ കോളേജിൽ നിന്നിറങ്ങി മരുന്നു ഷാപ്പിലും കുഴമ്പു കടയിലും സംഭാവന ചെയ്തതിനാൽ ഇനി പുതിയ ഫണ്ട് അല്ലോട്ട്മെന്റ് വരാതെ T-സ്ക്വയർ വാങ്ങുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാൽ സ്റ്റാച്യു ഓഫ് ലിബെർട്ടിയിലേക്കുള്ള യാത്ര ക്യാൻസൽ ചെയ്ത് ഞങ്ങൾ തിരികെ കോളേജു പടിക്കൽ ബസ്സിറങ്ങി. .. പക്ഷേ T-Scale ഇല്ലാമാ നാളെ കാലേ പരേഡിക്കു എന്ന ശെയ്യു മുടിയും? ...... ഞാൻ വിഷമ സന്ധിയിൽ ആയി. ....... "പോസ്റ്റാഫീസിൽ പോയാൽ വീട്ടിലേക്ക് ടെലെഗ്രാം ചെയ്യാം" ശ്രീകൃഷ്ണൻ ഉപദേശിച്ചു. എങ്കിൽ അങ്ങനെ തന്നെ ആയിക്കളയാം. ...........

കമ്പി അടിക്കാനായി പോസ്റ്റോഫീസിലേക്കു പോകും വഴി അതാ ലേഡീസ് ഹോസ്റ്റലിനു പുറകിൽ നിറയെ ഇളനീർ കുടങ്ങളുമായി ഒരു കൽപ വൃക്ഷം ... 'ദേ ഇങ്ങോട്ടൊന്നു വന്നിട്ടു പോ' ....... എന്ന സിഗ്നലുമായി തമ്പാനൂർ ബസ് സ്റ്റാൻഡിലെ തങ്കമണിയെ പോലെ തലയാട്ടി നിൽക്കുന്നു. ....... കൊള്ളാം, .... അതിൽ കയറി ഒരു മടൽ ഇട്ടാൽ തൽക്കാലം ഒരു T-സ്ക്വയർ തട്ടിക്കൂട്ടാം. .... അതു മാത്രമോ ലേഡീസ് ഹോസ്റ്റലിന്റെ വിശാലമായ വെള്ളിത്തിരയിൽ എന്റെ 'മദ്ധ്യ' തിരുവിതാംകൂർ വീര ഗാഥകൾക്ക് ഒരു അരങ്ങേറ്റവും ആകും. ഇനി അമാന്തിച്ചിട്ടു കാര്യം ഇല്ല. ശ്രീകൃഷ്ണനെ സാക്ഷി ആക്കി ഒരു തളപ്പുണ്ടാക്കി കച്ചയും മുറുക്കി ഞാൻ അതിൽ ചാടിക്കയറുവാൻ തുടങ്ങി. വൃഷ്ടി പ്രദേശങ്ങളിൽ കടന്നു കയറിയുള്ള നീറിന്റെ ഗറില്ലാ ആക്രമണങ്ങളെല്ലാം അതിജീവിച്ച് അത്യുന്നതങ്ങളിൽ എത്തിയ ഞാൻ തെങ്ങിൻ മണ്ടയിൽ ഇരുന്നു പരിസര പ്രദേശങ്ങളിലേക്ക് ഒരു വിഹഗ വീക്ഷണം നടത്തി.... "ഹൊ ..... എന്തൊരു സീനറി" ...... . കൂട്ടത്തിലതാ കേക്കിനകത്തെ കിസ്മിസ് പോലെ LH. ...... "മലരണി കാടുകൾ തിങ്ങി വിങ്ങി"...... "ങേ .. എനിക്കു ദേണ്ടെ .. വിങ്ങി വിങ്ങി കവിത വരണല്ലോ എന്റീശ്വരന്മാരേ ....... " കൂടുതലായുള്ള സൗന്ദര്യ ആരാധനയെ തടസപ്പെടുത്തി കള്ളകൃഷ്ണൻ .. 'ഒന്നു വേഗം ഇറങ്ങി വാ' ... എന്നു ഷൗട്ടിക്കൊണ്ട് താഴെ നിന്നും ശല്യം ചെയ്യുന്നു. ..... 'ഹും ... ഇവന്റെ ഒറിജിനൽ അവതാരം ഗോപികമാരുടെ ചുരീദാറും നൈറ്റിയും ടോപ്പുമെല്ലാം എടുത്ത് കുളിസീൻ കാണാൻ പണ്ട് മരത്തിൽ കയറിയതു പോലെ ഞാനും വല്ലതും കണ്ടു കളയുമോ എന്നുള്ള കുശുമ്പ് ആയിരിക്കും'...... "ദാ വരുന്നു കൂവാ" ...... ഒരു ഓലയും രണ്ടു കരിക്കും ഇട്ടിട്ട് Emergency Landing നടത്തിയ ശേഷം കച്ച അഴിച്ചു വെച്ച ഞാൻ, ശ്രീകൃഷ്ണന്റെ കുശുമ്പ് വർദ്ധിപ്പിക്കുന്നതിനായി ബഹിരാകാശ യാത്രാ വിശേഷണം തുടങ്ങി. ..... "കല്ലോല ജാലം കളിക്കുന്ന കണ്ടു" .... "കമല മണി നിറമുടയ കമലവുമതു കണ്ടു" ........ "ഇങ്ങനെ സൗഗന്ധിക പൊയ്ക കണ്ടു" ........ എന്നിങ്ങനെ ജാസി ഗിഫ്റ്റിന്റെ കവിത പാടി വർണ്ണന ആരംഭിച്ചെങ്കിലും, കറ കളഞ്ഞ കമ്യൂണിസ്റ്റുകാരനായ ശ്രീകൃഷ്ണൻ 'ജഗതിയെ സ്റ്റേജിൽ വച്ചു കണ്ട അച്ചു മാമയെ' പോലെ മസിലു പിടിച്ചു നിന്നതേ ഉള്ളൂ. ..... "ഇതെന്താ ചോര പൊടിയുന്നല്ലോ?" ..... ശ്രീകൃഷ്ണൻ വിജയകരമായി 'വിഷയ' വ്യതിയാനം നടത്തി. "എന്റെ ചർമ്മത്തിനെന്തു പറ്റി?" ...... "ങേ ... മൃദുല കോമള ചർമ്മത്തിൽ, തെങ്ങു പാട്ടത്തിനെടുത്ത ചതിയന്മാർ അടിച്ചു വച്ചിരുന്ന കുത്തു വിളക്കു പോലത്തെ ആണി ആഞ്ഞു കുത്തി കയറി എന്നോ". "എന്തെങ്കിലും ആകട്ടെ T-സ്ക്വയർ ഉണ്ടാക്കാൻ ഉള്ള മടൽ കിട്ടിയല്ലോ".

മുറിവിൻ മേൽ കച്ച മുറുക്കി കെട്ടി, കരിക്കിൻ വെള്ളവും മോന്തിയ ശേഷം പോസ്റ്റാഫീസിൽ ചെന്ന് വീട്ടിലേക്കു കമ്പി അടിച്ചു. ..... "SEND RS.350 IMMEDIATELY FOR PURCHASING LATHE".. രണ്ടു ദിവസങ്ങൾ ക്കുള്ളിൽ തന്നെ എന്റെ ചാരിത്ര്യത്തെ കളങ്കപ്പെടുത്തുന്ന രീതിയിൽ അമ്മയുടെ മറുപടി ...... "പ്രിയപ്പെട്ട മകാ ...... ഏതാ ഈ ലത? ....... ഈ സമയത്ത് കണ്ട പെൺ പിള്ളേരുടെ പുറകേ നടക്കാതെ പഠനത്തിൽ ശ്രദ്ധിക്കണം"... പാവം അമ്മ... Technical knowledge ഇല്ലെന്നേ. "ലത അല്ലമ്മേ ലെയ്ത്ത്, ... ഇവിടെ കൊയ്ത്ത് നടത്തുന്ന യന്ത്രം" .... എന്നു മറുപടി അയച്ച് ഈ വീട്ടുകാരെ ഒന്നു മനസ്സിലാക്കിക്കാൻ പെട്ട പാടേ.

ക്ലാസുകൾ അങ്ങനെ പുരോഗമിച്ചു കൊണ്ടിരുന്നു. A,B,C,D എന്നീ നാലു ബ്ലോക്കുകളിലായി പടർന്നു പന്തലിച്ചു കിടക്കുന്ന കലാമണ്ഡലത്തിന്റെ മുകൾ നിലകളിൽ ഉള്ള വിവിധ കളിയരങ്ങുകളിൽ സന്ധ്യയോടെ തെളിയിക്കാറുള്ള ആട്ടവിളക്കിലെ തിരി അണയുമ്പോഴേക്കും അടുത്തുള്ള സ്റ്റാഫ് ക്വാർട്ടേർസിലെ കോഴിയും കൂവിയിരിക്കും. ഇങ്ങനെ പാതിരാത്രികളിൽ അരങ്ങേറാറുള്ള പാരമ്പര്യ കലകളുടെ പരിശീലനത്തിന്റെ ക്ഷീണം തിയറി ക്ലാസ്സുകളിൽ ആയിരുന്നു തീർത്തിരുന്നത്. പക്ഷേ work shop ൽ നമ്മുടെ കുലത്തൊഴിലുകളായ സ്മിത്തിയും, കാർപ്പെന്ററിയും, ഫിറ്റിങ്ങും വളരെ ആവേശത്തോടെ തന്നെയാണു ചെയ്തിരുന്നത്. .... എങ്കിലും ഇതിന്റെ കൂടെ കശുവണ്ടി പൊളിക്കലും, ബീഡി തെറുപ്പും, പൊറോട്ട അടിയും കൂടി ഉൾപ്പെടുത്താത്തതിൽ സർക്കാരിനോട് ചെറിയ അമർഷവും ഉണ്ടായിരുന്നു. ...... അങ്ങനെയിരിക്കെ ഒരു തിയറി ക്ലാസിൽ സ്വപ്നലോകത്തെ ബാലഭാസ്കരൻ M.C റോഡിനു മീതേക്കൂടി പറന്ന് നാട്ടുമ്പുറത്തെത്തി........
സ്വപ്നമല്ലേ അൽപം മങ്ങിയ ബാക്ക്ഗ്രൗണ്ട്..........

കുറുക്കൻ കുന്നിലെ മഹാരാജാവ് മൂലം തിരുനാൾ വേലായുധൻ ..... "ആരൊരാളെൻ പോത്തിനെ കെട്ടുവാൻ ....... ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ" ..... എന്ന വെല്ലുവിളിയോടെ ദിഗ് വിജയ ത്തിനായി പോത്തു മേധയാഗം നടത്തിക്കൊണ്ടിരിക്കുന്നു. ...... യാഗത്തിനായി അഴിച്ചു വിട്ട രണ്ടു പോത്തുകൾ വന്ന് ഞങ്ങളുടെ പറമ്പിൽ കയറി കപ്പയും വാഴയും എല്ലാം തിന്നു തുടങ്ങിയപ്പോൾ ഞാൻ പോയി അതിനെ രണ്ടിനെയും പിടിച്ചുകൊണ്ട് വന്ന് ഞങ്ങളുടെ എരുത്തിലിൽ കെട്ടിയിട്ടു. പോത്തിനെ അന്വേഷിച്ച് ഇറങ്ങിയ വേലായുധ വാമഭാഗം പങ്കലാക്ഷി തമ്പുരാട്ടിയുടെയും തിരു മകൾ രായമ്മ റാണി യുടെയും കൊടുങ്ങല്ലൂർ ഭരണിപ്പാട്ട് ഒരു കുളിർ തെന്നൽ പോലെ ഒഴുകി വന്നുകൊണ്ടിരിക്കുമ്പോൾ പശുവിനെ കറക്കാനുള്ള അസൈൻമന്റ് മാതാശ്രീയിൽ നിന്നും കിട്ടി. പാൽപാത്രവും അകിടുകഴുകുവാനുള്ള ചൂടുവെള്ളവും initial massaging നുള്ള വെണ്ണയും എടുത്തു ഞാൻ തൊഴുത്തിൽ കടന്നു. പുള്ളിപ്പശുവിനേയും വെളുമ്പിയേയും കറന്നശേഷം നന്ദിനിയുടെ അടുത്തേക്കു പോകുന്നതിനിടയിൽ കേട്ട 'തിരു കുളിർ തെന്നലിന്റെ' ചരണത്തിൽ എനിക്കു പരിചയം ഉള്ള ഒരു ട്യൂൺ. ............. ശരിയാണല്ലോ ഇത് S3 യിലെ ചേട്ടന്മാർ പഠിപ്പിച്ച ആ പാട്ടുതന്നെയാണല്ലോ. തിരുഗാനം ശ്രദ്ധിച്ചിരുന്ന ഞാൻ നന്ദിനിക്കു പകരം ചൂടുവെള്ളം എടുത്തു തളിച്ചത് വേലായുധ മഹാരാജന്റെ പോത്തിന്റെ അകിടിൽ. ഇവനിതെന്തിന്റെ പുറപ്പാടാണെന്ന ഭാവത്തിൽ ഒന്നു 'ചെറഞ്ഞ'തിനു ശേഷം നാലു കാലും പൊക്കി ചാടുന്നതിനിടെ പോത്ത് എന്റെ മോന്തയ്ക്കിട്ട് പുറം കാലുകൊണ്ട് ഒരു തൊഴി. ......... "എന്റമ്മോ" ........

"Madan Mohan" ..... "Are you dreaming?" ...... "You stand up" ...... "Hands up" .... "Down" ..
"Right Turn" ... "Front" ... "Left Turn" .. "Front" .. "OK ... ഇനി ഇങ്ങോട്ടു ശ്രദ്ധിക്കുക" ....
"ങ്ങാ ഇതാരാ രാമചന്ദ്രൻ സാറായിരുന്നോ?".....
"What is Armature Reaction?" ......

ഗോക്കളെ മേയ്ച്ചും കളിച്ചും ചിരിച്ചും കേളികളാടി നടമാടി നടന്ന എനിക്ക് ഇംഗ്ലീഷിൽ ഉള്ള സാറിന്റെ ഈ ചോദ്യം അൽപം അസ്വസ്ഥത ഉളവാക്കി

"Sir .. it is ... it is .. a reaction taking place in the armature" ....

ഹൊ ഒരുവിധം ഒപ്പിച്ചു എന്നാശ്വസിച്ചിരിക്കുമ്പോൾ ഇടതുവശത്തിരിക്കുന്ന കല്യാണി കളവാണികൾ വായും പൊത്തിയിരുന്നു കിണിക്കുന്നു... "How can I make you understand such a silly thing?" എന്നു പറഞ്ഞ് സാറും കൈയൊഴിഞ്ഞതോടെ എല്ലാവരും ഒത്തു ചേർന്ന് നമ്മളെ ആക്കുക ആണെന്നു മനസിലായി. . 'ഹോ ഇതെന്തരു കൂത്ത്, .. പയിലുകള്ള് ഞമ്മടെ ഉറക്കവും കളഞ്ഞല്ലോ' ഉറക്കം പോയതിന്റെ കൂടെ മസ്തിഷ്കത്തിൽ നടന്ന Armature Reaction മൂലം തല പതുക്കെ ഇടതു വശത്തേക്കു Rotate ചെയ്തു തുടങ്ങി. .... ങേ ..... ഇതാരൊക്കെയാ .. ശാരീ .. മേരീ .. രാജേശ്വരി .. എല്ലാവരും ഉണ്ടല്ലോ.... കരിമ്പിൻ തോട്ടത്തിൽ വച്ച് പിടിയേക്കണ്ട മദയാനയെപ്പോലെ ഡബിൾ ആക്ടീവ് ആയ എന്റെ ചിന്താമണികൾ ആകാശം മുട്ടെ പറന്നു. ..... കളറുകളിൽ ഒരെണ്ണത്തിനെ ലയിൻ ഇട്ടാൽ മെക്ക് കോർണറിലും, സല്ലാപിലും, പോസ്റ്റോഫീസ് നടയിലും മേയിച്ച് നടക്കുകയും അസൈൻമെന്റ് എല്ലാം എഴുതിപ്പിക്കുകയും ചെയ്യാമായിരുന്നു. ..... കൂടെയുള്ള വിദ്വാന്മാർ എല്ലാം ഇതിനകം ഓരോരുത്തരെ ബുക്ക് ചെയ്തു കഴിഞ്ഞിരിക്കുന്നു. ..... ഇനിയിപ്പോൾ പാർവതിയും മോളിക്കുട്ടിയും മാത്രമേ ഫ്രീ ആയുള്ളൂ. ...... സ്മിത്തിയിൽ മോളിക്കുട്ടിക്ക് സ്ളെഡ്ജ് ഹാമർ പൊക്കി ഉരുക്കുകട്ട അടിച്ചു പരത്തിക്കൊടുത്തും, ഹീറ്റ് എഞ്ചിൻസ് ലാബിൽ പാർവതിക്കു ക്രൂപ്പർ എഞ്ചിൻ ക്രാങ്കു ചെയ്തു കൊടുത്തും ഒക്കെ ഒരുകൈ നോക്കിയെങ്കിലും എല്ലാവരും എന്നേക്കണ്ടാൽ T.G.രവിയെ കണ്ട ഉണ്ണിമേരിയേപ്പോലെ ഓടി ഒളിക്കുകയായിരുന്നു.

റിയാലിറ്റി ഷോയിൽ എലിമിനേഷൻ റൗണ്ട് കഴിഞ്ഞു പടിയിറങ്ങുന്നവനേപ്പോലെ, ഒടുക്കത്തെ പാട്ടായ ... 'മാനസ മൈനേ'.... യും പാടി മോന്തയും വീർപ്പിച്ചു, മൂക്കും ചീറ്റി ഞാൻ അവസാനം ലേഡീസ് ഹോസ്റ്റലിനു സൈഡിലുള്ള അമ്പല നടയിൽ അഭയം പ്രാപിച്ചു. ..... തിരുസന്നിധിയിൽ ചെന്ന് ..... "പകവാനേ, ...... കഷായം കുടിച്ചവനേ പോലെ ആയ ഈ കാഷായധാരിക്ക് ഒരു നല്ല കണക്ഷൻ ശരിയാക്കിത്തരണേ" .... എന്നു പ്രാർത്ഥിക്കുന്നതിനൊപ്പം എന്നേക്കാൾ മുൻപേവന്നു സോൾഡറിംഗ് എല്ലാം പൂർത്തിയാക്കിയ മഹാന്മാർക്കെതിരെ ഒരു ശത്രു സംഹാര പൂജയും നടത്തുവാൻ ഞാൻ മറന്നില്ല. ക്ഷിപ്രപ്രസാദിയായ മൂർത്തിയുടെ അനുഗ്രഹത്താൽ ആവാം അതാ പൂവും പ്രസാദവും ഇളനീർ കുടവുമായ് അമ്പലത്തിൽ തൊഴാൻ വന്ന ഒരു തരുണീമണി എന്നേ നോക്കി നിർന്നിമേഷയായി നിൽക്കുന്നു. ... എന്തേ... ഞങ്ങളുടെ കണ്ണുകൾ ഒരേ ഫ്രീക്വൻസിയിലും വോൾട്ടേജിലും ആയി സിംക്രണൈസേഷനുള്ള തയാറെടുപ്പിലാണല്ലോ. ...... കാമധേനു ലോട്ടറി ഫലം അറിഞ്ഞു വീണുപോയ ഇന്നസെന്റിനെ പോലെ ആവാതിരിക്കാൻ ഞാൻ പരമാവധി control പിടിച്ചു നിന്നു. സോൾഡറിങ്ങും കണക്ഷനും എല്ലാം കഴിഞ്ഞ് .. CET കാണ്ഡത്തിലെ ആദ്യ ലയിനിൽ കൂടി ഇതാ കറണ്ടു പാസ്സ് ചെയ്യാൻ പോകുന്നു എന്നു വിളമ്പരം ചെയ്യാൻ തുടങ്ങുമ്പോൾ ഉണ്ട് ഒരു അശരീരി ..... "എന്തിരെടേ ചെറേണേ" ....... "നീയൊക്കെ പടിക്കാനാ ലയിനടിക്കാനാ വന്നിരിക്കണെത്?"................ അശരീരിയോടൊപ്പം അടിവയറിന്റെ ചുറ്റളവു കൂടി ആരോ അളന്നു തുടങ്ങിയപ്പോൾ എന്റെ ആമാശയം Work ചെയ്തു തുടങ്ങി. ..... "യുറേക്കാ" .... "യുറേക്കാ" ..... എല്ലാ ആങ്ങളമാരും ഒരുപോലെ ആണെന്ന എന്റെ ഒരു വലിയ കണ്ടുപിടുത്തം. .... എട്ടാം ക്ലാസ്സിൽ വച്ചു ഗീതക്കു കത്തു കൊടുത്തപ്പോൾ അവളുടെ ആങ്ങളയും ഇതു തന്നെയാ ചെയ്തത്. ..........

"എങ്കിലും എന്റെ പകവാനേ ഇതൊരു ചെയ്ത്തായിപ്പോയി".

ലയിൻ വലിക്കാൻ റൂട്ട് ഇതുവരെ sanction ആയില്ലെങ്കിലും S1 ജീവിതം പരമാനന്ദകരം ആയിരുന്നു. അതിരാവിലെ തന്നെ മടലു ചെത്തിയെടുത്തുണ്ടാക്കിയ T-scale മായി മാർച്ച് ചെയ്ത് കോളേജു നടയിൽ എത്തിയാൽ ഉടൻ തന്നെ സീനിയർ ഏമാന്മാർ DETOUR എന്ന ബോർഡ് കാണിച്ച് ചാവടിമുക്കിലേക്ക് ട്രാഫിക്ക് തിരിച്ചുവിടും... പിന്നെ അതുവഴി പോകുന്ന പാണ്ടി ലോറിക്കാരന്റെയും ഫാസ്റ്റ് യാത്രക്കാരുടെയും പൂളിച്ച തെറിയുടെ പശ്ചാത്തല സംഗീതത്തിന്റെ അകമ്പടിയോടെ അന്നത്തെ ക്ലാസ് ആരംഭിക്കുകയായി. ..... ഗുരുകുല വിദ്യാഭ്യാസത്തെ അനുസ്മരിപ്പിക്കുമാറെ NH ൽ കുത്തിയിരുന്നായിരുന്നു തുടർന്നുള്ള പഠനം. ...... "തന്നേ തീരൂ ..തന്നേ തീരൂ" .... "TP ഞങ്ങൾക്ക് തന്നേ തീരൂ" ...... "തന്നേ തീരൂ ...തന്നേ തീരൂ" ... "B.Tech ഞങ്ങൾക്ക് തന്നേ തീരൂ" .. .. "അന്നേ തീരൂ .. അന്നേ തീരൂ" .. "ഞങ്ങടെ സമരം അന്നേ തീരൂ" ... ഏമാന്മാർ ട്യൂൺ ചെയ്ത ചിട്ടപ്പെടുത്തിയ ആ മനോഹര ഗാനത്തിന്റെ പ്രാക്ടീസ് അങ്ങനെ പൊടിപൊടിച്ചുകൊണ്ടിരുന്നു. ..... അല്ലെങ്കിൽ തന്നെ ഈ മെസ്സിലെ ആഹാരങ്ങൾ എനിക്കു പിടിക്കുന്നില്ല. .... 'ഇനി ഈ TP യും B-Tech ഉം കിട്ടിയിട്ടു വേണം നാവിനു രുചിയായി വല്ലതും ഞണ്ണാൻ' .. എന്നു വിചാരിച്ച് M.S.വിശ്വനാഥൻ ... "കണ്ണുനീർ തുള്ളിയേ"............ പാടിയ പോലെ തൊള്ള തുറന്നായിരുന്നു ഞാൻ സംഗീതം ഏറ്റു ചൊല്ലിയിരുന്നത്. .... വെയിലു മൂത്ത് ടാറും മൂട്ടും ഉരുകിപ്പിടിച്ചു തുടങ്ങുമ്പോൾ അവിടെക്കിടക്കുന്ന ട്രാൻസ്പോർട്ട് ബസ്സിലെല്ലാം "EGG STUDENTS ON STRIKE" എന്ന സീലും കുത്തി തിരികെ ഹോസ്റ്റലിലേക്കു റിട്ടേൺ മാർച്ച്. ...... ഈ കലാപരിപാടി ഏകദേശം ഒരുമാസം തുടർന്നു കാണും... പക്ഷേ ഈ TP യും B-Tech ഉം മാത്രം ആരും അവിടെ serve ചെയ്തു കണ്ടില്ല. ...... "നാളെ മുതൽ യൂണിവേഴ്സിറ്റിക്കു മുൻപിലാണു വയറ്റത്തടിച്ചുള്ള ഇരക്കൽ" ... ഏമാന്മാരുടെ അറിയിപ്പു കിട്ടി. ... മച്ചിപ്പശുവിനെ തൊഴുത്തുമാറ്റിക്കെട്ടുന്നതുപോലെ പിറ്റേന്നുമുതൽ യൂണിവേഴ്സിറ്റി കവാടം ഞങ്ങളുടെ എരുത്തിൽ ആക്കി. .......... അതോടെ പാളയം സ്റ്റേഷനിൽ നിന്ന് അകമ്പടിക്കായി പാറാവുകാരും എത്തി. ..... മനോരമക്കാരുടെ ഗ്രൂപ്പ് ഫോട്ടോയ്ക്ക് പോസുചെയ്യലും യൂണിവേഴ്സിറ്റി വനിതാജീവനക്കാരുടെ ഫാഷൻ പരേഡിനു മാർക്കിടലും എല്ലാം കഴിഞ്ഞാൽ പിന്നെ കൊതുകുവല ജനലിൽ ഘടിപ്പിച്ച നീല വണ്ടിയിൽ Fort Station നിലേക്ക് ഒരു ഉല്ലാസ യാത്ര. ..... അതുകഴിഞ്ഞ് അവിടത്തെ വലിയ ബുക്കിൽ മഹാത്മാഗാന്ധി മുതൽ ലാൽ ബഹദൂർ ശാസ്ത്രി വരെയുള്ള സ്വാതന്ത്ര്യ സമരസേനാനികളുടെ പേരുകളുടെ റെജിസ്ട്രേഷൻ ചടങ്ങ്. ....... പിന്നെ മടക്കം. ......

ഇത്രയൊക്കെ പാടുപെട്ടിട്ടും ഈ TP യും, B-Tech ഉം തരാതെ ഒണക്കപ്പുട്ടും പുളിങ്കറിയും വിളമ്പിക്കൊണ്ടിരുന്ന മെസ്സിലെ ഭാസിയുടെയും ജനാർദ്ദനന്റെയും നിഷേധാൽമകമായ സമീപനത്തിൽ ഉള്ള പ്രതിഷേധം തീൻ മേശ അവന്റെയൊക്കെ നെഞ്ചാണെന്നു സങ്കൽപ്പിച്ച് സ്റ്റീൽ ഗ്ലാസ്സുകൾ കൊണ്ട് ആഞ്ഞ് ... 'ധിം ധണക്ക കോട്ടക്ക ഗണപതി'.... കൊട്ടി ചളുക്കിക്കാട്ടി ആണ് അറിയിച്ചിരുന്നത് . ..... താഴെയുള്ള തുഷാര ഹോട്ടൽ ഇവന്മാരുടെ മച്ചാന്മാർ ആയിരിക്കും നടത്തുന്നത്. .... എല്ലാത്തിനും ഒരേ രുചി, .... ഒരേ മണം, ..... ഒരേ കട്ടപ്പം. ..... പിന്നെ അൽപം ആശ്വാസം ശ്രീകാര്യത്തെ കൃഷ്ണപിള്ളച്ചേട്ടന്റെ കറുത്ത ബോർഡിൽ വെളുത്ത അക്ഷരം കൊണ്ടു പേരെഴുതിയ ഓലക്കട ആയിരുന്നു. ..... ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും ...... സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമായിരുന്നു അത്. ...... ഹോസ്റ്റലിൽ 'ഓഹോയ്' പറഞ്ഞ് തീണ്ടാപ്പാടകലെ ഞങ്ങളെ നിർത്തിയിരുന്ന ചേട്ടന്മാർ പക്ഷേ കൃഷ്ണപിള്ളച്ചേട്ടന്റെ കടയിൽ വച്ചു കണ്ടാൽ ... "ഒരു ജാതി, ഒരു മതം, ഒരു ഗ്ലാസ് CETയനു" ..... എന്ന് ഓർമ്മപ്പെടുത്തി സ്നേഹം കൊണ്ട് ഇക്കിളിപ്പെടുത്തും.

ലെയ്ത്ത് വാങ്ങാൻ വീട്ടിൽ നിന്നും അയച്ചു തന്ന പൈസ തീർന്നു തുടങ്ങിയിരിക്കുന്നു. .... ഇനി അടുത്ത ആഴ്ച്ച വീട്ടിൽ പോകുമ്പോൾ ബഡ്ജറ്റിൽ സിംക്രണസ് മോട്ടോർ വാങ്ങാനുള്ള തുക കൂടി ഉൾപ്പെടുത്തണം...... "ഹോ ... ഈ പ്രൊഫഷണൽ കോഴ്സിനു ഒക്കെ എന്താ ഒരു ചിലവ്" ..... കഴിഞ്ഞ പ്രാവശ്യം വീട്ടിൽ ചെന്നപ്പോൾ പിതാശ്രീ മാതാശ്രീയോടു അതിശയത്തോടെ ഉര ചെയ്യുന്നതു കേട്ടു. ...

പക്ഷേ അടുത്താഴ്ച്ച വരെ ഈ ഒണക്ക മെസ്സ് മാത്രമായി എങ്ങനെ പിടിച്ചുനിൽക്കും?" ......
അങ്ങനെ 'ഒരുനാൾ വിശന്നേറെ തളർന്നേതൊ റോടൻ പാടി കണ്ടൊരു കപ്പ തോട്ടത്തേ'. .....
അതെ ... വൈകിട്ടത്തെ ഉലാത്തിനിടെ ഞാനും മുറിയൻ സുരേഷും കോളേജിനു പടിക്കലുള്ള ആ തോട്ടത്തെ നോട്ടു ചെയ്തു വച്ചു.
"ആരവിടെ" .... "ആര്യഭടനു ശേഷം ആർ എന്നതിനു ആൻസ്വറുമായി അമ്പയിനായിരം ആണ്ടത്തെ കലണ്ടർ കണ്ടുപിടിച്ച ഗണിത ശാസ്ത്ര പണ്ഡിത ശിരോമണി ലാലു കണിയാന്റെ അടുത്തു പോയി ഒരു നല്ല സമയം കുറിപ്പിച്ചെട്ടുത്തു വരൂ" ......
"ടെലി മുറ്റത്തെ ജപ്പാൻ പുല്ലു പറിച്ചു പരിസര ശുചീകരണത്തിനായി ആലുവാ ക്രൈം ബ്രാഞ്ച് സർക്കിൾ ഓഫീസിൽ നിന്നും പ്രത്യേകമായി വരുത്തിച്ച മണ്ണുമാന്തിയും പോരട്ടേ" ......
രാത്രിയുടെ 'മദ്യ'യാമങ്ങളിൽ ഉടുത്തിരുന്ന മുണ്ടെടുത്ത് തലയിലിട്ട് മണ്ണുമാന്തിയുമായി ഞങ്ങൾ ആ തോട്ടത്തിൽ പ്രതീക്ഷയോടെ കടന്നു. വോളീബോൾ താരം സാമുവേലിനേപ്പോലെ വളർന്നു മുറ്റി നിന്ന ഒരു കപ്പ ലക്ഷ്യമാക്കി ആയിരുന്നു ഞങ്ങളുടെ നീക്കം. .... ശബ്ദമുണ്ടാക്കാതെ മണ്ണുമാന്തി പ്രയോഗം ആരംഭിച്ചതും പുറകിൽനിന്നും ഒരലർച്ച ...... "ആരെടാ അത്". ....
"ങേ .... ഈ സമയത്ത് ഇവിടെ ഇതാരാ?". ....... "പരിചയം ഉള്ള ശബ്ദം ആണല്ലോ കേട്ടത്".... .
തിരിഞ്ഞു നോക്കിയ ഞങ്ങൾ കണ്ടത് Basic Electronics പഠിപ്പിക്കുന്ന പ്രഫസർ പുഷ്കരൻ സാറിനേ ആയിരുന്നു. .... അടുത്തുനിന്ന ചേനയുടെ മറവിൽ ഒളിക്കുവാൻ ഞങ്ങൾ ആദ്യം ഒരു ശ്രമം നടത്തി നോക്കിയെങ്കിലും തെങ്ങിൻ മണ്ടയിൽ ചന്ദ്രൻ കുഞ്ഞിനെ തെളിയിക്കാൻ കഴിവുള്ള സാറിന്റെ എവറെഡി ടോർച്ച് ഞങ്ങളുടെ നേരേ തിരിയുമെന്ന് ഉറപ്പായതിനാൽ പത്തൊൻപതാമത്തെ അടവിനുള്ള count down ഞങ്ങൾ തുടങ്ങി.
"എടാ ആരാണെന്നു പറയാൻ" ......
ഇനി രക്ഷയില്ല, .. തോട്ടക്കാരൻ പയ്യൻ വന്നു കയ്യേപ്പിടിക്കുന്നതിനു മുൻപ് .... "ജീവനും ജഗദീശനും ആണേ" .....എന്നു ക്ലാസ്സിലെ സാധുജന പരിപാലനസംഘത്തിൽ ഉള്ള രണ്ടു പേരുകൾ സാറിനു സമ്മാനമായി കൊടുത്ത് ഞങ്ങൾ ചന്ദ്രയാൺ ദൗത്യത്തിനുള്ള റോക്കറ്റിനു ചൂട്ടു കത്തിച്ചു.
"നിക്കിനെടാ അവിടെ" ..... "നിനക്കൊക്കെ എന്റെ കപ്പക്കിഴങ്ങുതന്നേ വേണം അല്ലേടാ" .. എന്ന് ആക്രോശിച്ച് ഒരു കപ്പത്തണ്ടും ഒടിച്ച് സാർ ഞങ്ങളുടെ പുറകേ കുറച്ചുദൂരം പിൻ തുടർന്നു.
"ഹോ .... ഈ ജീവനും ജഗദീശനും എന്തൊരു സ്പീഡ്" ..... എന്ന അതിശയോക്തിയോടെ കോളേജു പടിക്കൽ വച്ച് സാറിന്റെ പ്രഷർ കുക്കർ വിസിലടിച്ചു.
"ഭാഗ്യം കട്ടി രക്ഷപെട്ടു" ..... എന്നു സമാധാനിച്ച് ഓട്ടം നിർത്തി ഒരു ദീർഘനിശ്വാസം വിടാൻ ഗിയർ ഡൗൺ ചെയ്തു ഞങ്ങൾ ഒരു ഘോര ശബ്ദം കേട്ട് സഡൻ ബ്രേയ്ക്കിട്ടു.
ഭയന്നുവിറച്ച് തിരിഞ്ഞു നോക്കിയപ്പോൾ അതാ ആകാശം കറുത്തിരുണ്ട് മേഘാവൃതമായി മിന്നൽപിണരുകൾ താഴേക്കു പതിച്ചു കൊണ്ടിരിക്കുന്നു ......
മന്ദ മാരുതൻ ആഞ്ഞു വീശി P.J.ജോർജ് സാർ നട്ട അക്കേഷ്യ മഹാമരങ്ങൾ കടപുഴകി വീഴുന്നു. ... സുനാമിത്തിരമാലകൾ വ്യാളി കടാപ്പുറത്തുനിന്നും മീൻകാരികളെ പൊക്കിയെടുത്ത് ആക്കുളം കായൽ തീരം ലക്ഷ്യമാക്കി നീങ്ങുന്നു. ......
പുഷ്കരൻ സാറിന്റെ കൈയിലിരുന്ന കപ്പത്തണ്ട് പിളർന്ന് മോഹൻ ലാലിനേ വെല്ലുന്ന ഒരു നരസിംഹാവതാരം പ്രത്യക്ഷപ്പെട്ട് ... 'ഹായ് പുഷ്'.... എന്ന നാമ ജപവുമായി കുമ്പിട്ടു നിൽക്കുന്നു. ഇതിനിടെ വലിയ ഒരു ഇടിമുഴക്കം പോലെ അന്തരീക്ഷത്തിൽ പടർന്ന മുനിവര്യന്റെ ശാപവചനം കേട്ട് ഈരേഴുപന്ത്രണ്ട് ലോകവും നടുങ്ങി ... "നീയൊക്കെ സെ ഷണലും കുറഞ്ഞ് സപ്ലിയും ക്രിട്ടിയുമായി പണ്ടാരമടങ്ങിപ്പോകട്ടേ" ...
പോകട്ടേ .... പോകട്ടേ .... പോകട്ടേ (echo)

നിനച്ചിരിക്കാതെ വീണുകിട്ടിയ ഒരു മാരത്തോൺ മൽസരം കഴിഞ്ഞതിന്റെ ക്ഷീണം മാറ്റുവാനായി അന്തപ്പുരത്തിൽ കടന്ന് കച്ചയഴിച്ചു വെക്കുന്നതിനിടയിലാണു നിലത്തു കിടക്കുന്ന കുറേ തുണ്ടു പേപ്പറുകൾ ശ്രദ്ധയിൽ പെട്ടത്. .... ദൈവമേ പുഷ്കരൻ സാറിന്റെ ശാപം ഇത്ര വേഗം ഏശിയോ?? എല്ലാം സമൻസുകൾ. .......
അതാ .......... റാഗിങ്ങിൽ നിന്നും രക്ഷപെടാൻ ...'കോതമംഗലത്തു നിന്നും ട്രാൻസ് ഫർ ആയി വന്നതാ' ... എന്ന കതിനാ പൊട്ടിച്ചതിനു S3 ക്കാരുടെ വക ....... രക്ഷ പെട്ടു .... ഒരാഴ്ച്ചത്തെ കാലാവധി ഉണ്ട്.
ഇതെന്താണു .... സിറ്റി ബസ്സിലും അമ്പല നടയിലും ലാക്കൽസിന്റെ തലോടൽ ഏറ്റുവാങ്ങി ഞമ്മടെയെല്ലാം മാനം കളഞ്ഞതിനു S5 കാരുടെ വക ....... രണ്ടു ദിവസത്തിനകം ഹാജരാകണം. OK ...... അടുത്ത കത്തു വായിക്കു ..... ങേ ..... F4 കാരുടെ വക ..... "കുറേ തേങ്ങാ ഇടാനുണ്ട്. ...... ഉടൻ ചെല്ലണം എന്ന്" ..... "ഞാൻ ഒരു തെങ്ങു കയറ്റ തൊഴിലാളിയാണെന്ന് ഈ ചേട്ടന്മാർ എങ്ങനെ അറിഞ്ഞു". ...... സമൻസ് അല്ലേ ക്ഷീണം വകവെക്കാതെ ഉടനടി C-Top ലേക്കു സ്ലായീപ്പും തൂക്കി യാത്ര തിരിച്ചു. ... KP സാറും രഘുവരൻ സാറും മൂക്കിൽ എണ്ണയൊഴിച്ച് Entrance lobby യിൽ കാത്തിരുപ്പുണ്ട്. ..... 'ഈ തെങ്ങു കയറ്റക്കാരുടെ ഒക്കെ ഒരു ഡിമാൻഡേ'. ...........
"സാർ ... ഏതു പുരയിടത്തിലാ പോകേണ്ടത്" ....... KP സാർ നാട്ടുകാരൻ എന്ന പരിഗണയിൽ പുച്ഛത്തോടെ ഒന്നു കടാക്ഷിച്ചതേ ഉള്ളൂ. ..... രഘുവരൻ സാർ ലോബി യുടെ നടുക്കുള്ള കോളം ശോഭന കച്ചിപ്പൊടി കളിക്കുമ്പോൾ ചെയ്യുന്നതുപോലെ കണ്ണുകൊണ്ടു കാണിച്ചു. ...... എല്ലാം കാഞ്ചന സീത സ്റ്റൈൽ ആണെങ്കിലും മദയാനയുടെ മസ്തിഷ്കത്തിൽ മാതൃഭൂമിയുടെ മാപ്പു വരച്ചു കൊടുത്താലും മനസിലായിക്കോളും ..... ഈ മച്ചാനു കാര്യം പിടികിട്ടി. ..... തളപ്പു കാലിൽ കയറ്റി ഞാൻ ആ കോളത്തിന്റെ അടുത്തേക്കു നടന്നു. ..... അതാ വരുന്നു വീണ്ടും ആംഗ്യ ഭാഷ ......... ഇപ്രാവശ്യം വിരൽ കൊണ്ടാണെന്നു മാത്രം. ..... തളപ്പു വേണ്ടാന്ന്. ..... ചതിച്ചല്ലോ ഈശ്വരാ ...... തളപ്പില്ലാതെ കൊതയിട്ട തെങ്ങിലേ കയറി പരിചയം ഉള്ളൂ. ...... കാഞ്ചന സീതയുടെ ഭർത്താവിന്റെ സ്റ്റൈലിൽ തളപ്പുപയോഗിച്ചോട്ടേ എന്നൊന്നു Request ചെയ്തു നോക്കി ....... രഘുവരൻ സാർ ഉടുപ്പിന്റെ കൈ മോഹൻ ലാലിനേപ്പോലെ തോൾ ചരിച്ച് ചുരുട്ടി കയറ്റിയപ്പോൾ തളപ്പു ദൂരെ എറിഞ്ഞ് ഒറ്റ ചാട്ടത്തിനു ഞാൻ കോളത്തിനു മുകളിൽ എത്തി. ....... "അവിടിരുന്നോ ............... ഇനി പ്രാതൽ കാലമാവുമ്പോൾ വിളിക്കാം" ....... KP സാറും രഘുവരൻ സാറും കാഞ്ചന സീതയുടെ അമ്മായി അപ്പന്റെ ഈ ഡയലോഗോടെ ഉൾ വലിഞ്ഞു. .... 'തെങ്ങിന്റെ' മണ്ടയിൽ ഇരുന്നു ഞാൻ ഇതുവരെ കൈപ്പറ്റിയിരിക്കുന്ന മറ്റു സമൻസുകളേ പറ്റിയും ആലോചിച്ചു. ...... ഒരു കാര്യം ഉറപ്പായി..... S8 ആയാലും എനിക്കു Fresher's Day അനുവദിച്ചുകൊണ്ടുള്ള ഉത്തരവു കിട്ടുമെന്നു തോന്നുന്നില്ല. ..

പിറ്റേന്ന് കോളേജിൽ ചെന്നപ്പോൾ നോട്ടീസ് ബോർഡിനു മുൻപിൽ സിവിൽ സപ്ലൈസിന്റെ മുൻപിലേ പോലെ ഒരു ഇടി. .....
ഞാ ഹാ....... ഇത്ര വേഗം S1 ന്റെ Result വന്നോ?????
പാർവതിയേയും, മോളിക്കുട്ടിയേയും വകഞ്ഞു മാറ്റി ഇന്ദ്രൻസ് സ്റ്റൈലിൽ ഞാൻ കഴുത്തു നീട്ടി.....
ഈ പൂജ്യം കണ്ടുപിടിച്ചത് സംപൂജ്യനായ എന്റെ പൂർവികർ തന്നെയാണെന്ന് ഇതിൽപരം വേറേ തെളിവു വേണോ.. ....
'എന്താടീ നിന്നു കിണിക്കുന്നത്'. ..... അവളുമാരേ ഒന്നു വെരട്ടി നിർത്തി..... അവരെ പറഞ്ഞിട്ടെന്തു കാര്യം, ... മനുഷ്യനെ നാണം കെടുത്താൻ ... ദേ യൂണിവേഴ്സിറ്റി തുറന്നു മലർത്തി ഇട്ടേക്കുവല്ലിയോ... നിക്കേ ....... അതേതിനാ ഒരു 100 മാർക്കു കിടക്കുന്നത്. ..... ങേ .. വർക്ക് ഷോപ്പിലെ ഫിറ്റിംഗിന്റെ മാർക്കാണല്ലോ അത്. .... ഹൊ .......... ഞമ്മടെ കുലത്തൊഴിലായ ഫിറ്റിംഗിനെങ്കിലും First Rank ഉണ്ടല്ലോ. .. മതി സമാധാനം ആയി. .. അവളുമാരുടെ മുൻപിൽ ഇനി തല ഉയർത്തി നടക്കാമല്ലോ.

(ഇതി മാടായണം, CET കാണ്ഡം, S1 ദളം സമാപ്തം)

Visit http://kulathoor.blogspot.com/ for Maadaayanam